# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1547 22.3.2013-ൽ മറുപടിയ്ക്ക്

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വ്യക്തിഗതഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വിധം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ, ഏതൊക്കെ പദ്ധതികളാണെന്ന് അറിയിക്കുമോ; | എ) | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വിധം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.കന്നുകാലി ഇൻഷ്വറൻസ് പദ്ധതി<br>2.കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ചുള്ള തീറ്റപ്പുൽകൃഷി<br>3.ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി നൂതന വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി |
| ബി) | പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികൾ മുഖാന്തരമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതികൾ ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ; | സി) | കെ.എൽ.ഡി.ബോർഡ് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ യാതൊരു പദ്ധതിയും നടപ്പിലാക്കുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്; ഇല്ലായെങ്കിൽ, പ്രസ്തുതമണ്ഡലത്തിൽക്കൂടി വികസനസാദ്ധ്യത ഉറപ്പുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ? | ഡി) | കേരളമൊട്ടാകെ നടപ്പിലാക്കി വരുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ചാത്തന്നൂർ മണ്ഡലവും ഉൾപ്പെടുന്നതാണ്. കൂടാതെ കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ചുള്ള തീറ്റപ്പുൽകൃഷി പദ്ധതി ചാത്തന്നൂർ മണ്ഡലത്തിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

Seela

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

1. **<u>കന്നുകാലി ഇൻഷ്വറൻസ് പദ്ധതി:</u>** പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സംസ്ഥാനസർക്കാരിന്റെ സാമ്പത്തിക സഹായത്തോട് കൂടിയും മറ്റ് പതിനൊന്ന് ജില്ലകളിലും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടിയും കന്നുകാലി വികസന ബോർഡ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവ സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

2. **<u>കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ചുള്ള തീറ്റപ്പുൽകൃഷി:</u>** തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ അഞ്ചു ജില്ലകളിൽ നിന്നുമുള്ള പഞ്ചായത്തുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങളെ പഞ്ചായത്ത് സി.ഡി.എസ്. ന്റെ സഹായത്തോടെ തെരെഞ്ഞെടുത്ത് അവരുടെ കൃഷിയിടങ്ങളിൽ കെ.എൽ.ഡി. ബോർഡിന്റെ സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പുൽകൃഷി നടത്തുന്നു. കൃഷി പൂർത്തിയാകുന്ന മുറയ്ക്ക് അതതു ജില്ലാ കുടുംബശ്രീ കോർഡിനേറ്റർ കണ്ട് ബോദ്ധ്യപ്പെട്ട് സാക്ഷ്യപത്രം തരുന്ന മുറയ്ക്ക് കർഷകർക്ക് ഏക്കർ ഒന്നിന് പതിനയ്യായിരം രൂപ എന്ന നിരക്കിൽ കെ.എൽ.ഡി.ബോർഡ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്.

3. **<u>ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി നൂതന വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി:</u>** ഈ പദ്ധതി കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി വരുന്നു.

Seeli

സെക്ഷൻ ഓഫീസർ